**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ സേഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള സേഫ് പദ്ധതി പ്രകാരം എത്ര വീടുകൾക്ക് മെയിന്റനൻസിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം 169 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾക്ക് മെയിന്റനൻസിനായി തുക അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ 9 വീടുകൾ 2025-26 വർഷത്തെ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾക്ക് അനുവദിച്ച തുകകൾ എത്രയെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന്റെ തുക അനുവദിക്കുന്നതിനുള്ള നടപടികൾ പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | അനുവദിച്ച തുകകൾ എത്രയെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അനുവദിച്ച തുക |
|---|---|---|
| 1 | ലക്കിടി പേരൂർ | 16,00,000 |
| 2 | അമ്പലപ്പാറ | 24,50,000 |
| 3 | ഒറ്റപ്പാലം നഗരസഭ | 22,00,000 |
| 4 | ശ്രീകൃഷ്ണപുരം | 42,50,000 |
| 5 | കരിമ്പുഴ | 49,00,000 |
| 6 | പൂക്കോട്ട് കാവ് | 34,00,000 |
| 7 | കടമ്പഴിപുറം | 38,50,000 |